FEELA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - 2019-ലെ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുള്ള ആശ്വാസ ധനസഹായം 2020-21 ലും നൽകുവാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.20/2020/DMD** തീയതി, തിരുവനന്തപുരം, 24/06/2020

---

പരാമർശം:- 1 സ.ഉ(കൈ) നം.22/2019/ഡി.എം.ഡി തീയതി 17/08/2019.

2 സ.ഉ(കൈ) നം.25/2019/ഡി.എം.ഡി തീയതി 23/08/2019.

**ഉത്തരവ്**

2019-ൽ കേരളം നേരിട്ട മഴക്കെടുതിയും വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും മൂലമുള്ള ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനുമായി പരാമർശിത ഉത്തരവുകൾ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ദുരന്ത ബാധിത കുടുംബം ഒന്നിന് അടിയന്തിര സഹായമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം പരമാവധി 10,000 രൂപ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്.

2) 2020-21-ൽ പ്രളയ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ ദുരിത ബാധിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് 2019-ലെ പ്രളയത്തിൽ അനുവർത്തിച്ചുവന്ന മാനദണ്ഡങ്ങൾ തുടരണമെന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21ലും സമാനമായ പ്രളയ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ ദുരിത ബാധിതർക്ക് ആശ്വാസ ധനസഹായമായ 10,000 രൂപ നൽകുന്നതിന് 2019-ലെ പ്രളയത്തിൽ അനുവർത്തിച്ചുവന്ന അതേ മാനദണ്ഡങ്ങൾ തുടരുവാൻ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സാജു.എസ്.**

**അഡിഷണൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

തദ്ദേശ സ്വയംഭരണ വകുപ്പ്

ഭവന നിർമ്മാണ വകുപ്പ്

ധനകാര്യ വകുപ്പ്

റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

FEELA

ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക് ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ